വിവരങ്ങളും വിശകലനം ചെയ്തുവരുന്നു. കെ.എസ്.ആർ.ടിസി.-യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിപ്പോതലത്തിൽ ഇന്ധനക്ഷമത കുറവുള്ള ബസ്സുകൾ കണ്ടെത്തി പരിഹാര നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. പൊതുമേഖലാ എണ്ണക്കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ ഡീസൽ പമ്പുകളിൽ ഓട്ടോമൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവഴി ബസുകളിൽ നിറയ്ക്കുന്ന ഡീസൽ, ഉപഭോഗം, ഇന്ധനക്ഷമത എന്നിവ നേരിട്ട് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ ഡ്രൈലീസിൽ ബസുകൾ എടുക്കുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

**ഉന്നതവിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽ സാങ്കേതിക വിദ്യ**

27 (*267)ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന പ്രക്രിയ ഡിജിറ്റൽ സാങ്കേതിക വിദ്യാധിഷ്ഠിതമായി ക്രമീകരിക്കേണ്ട നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓൺലൈൻ ക്ലാസ്, പരീക്ഷ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി പരിഗണന യിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കോവിഡ്-19 മഹാമാരിമൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ". ഈ പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉൾപ്പെട്ട ഒരു "LMS Committee" എന്ന പേരിൽ 19 അംഗ കമ്മിറ്റി 30-7-2021-ലെ സ.ഉ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സാധാ) നമ്പർ 983/2021/ഉ.വി.വ. നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 5-8-2021-ന് മുൻപ് ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യ മിടുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാ നമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ Cloud Space സംവിധാനം ഉപയോഗപ്പെടുത്തിയും ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്. ഇതിനാവശ്യമായ വിഭവങ്ങൾ:- വിദ്യാർത്ഥിതലം - നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ്, ഫാക്കൽറ്റിതലം- നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ്ടോപ്പ്/ഡെസ്ക്ടോപ്പ്, ഇൻസ്റ്റിറ്റ്യൂഷൻതലം - നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ്ടോപ്പ്/ഡെസ്ക്ടോപ്പ് Cloud Level - Centralized Cloud Facility of the State Data Centre (SDC) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ കേന്ദ്രീകൃത ക്ലാസ് സ്പേയ്സ് ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

"Let's go digital" പദ്ധതിക്കായി ഡിജിറ്റൽ സർവ്വകലാശാലയും ഹയർ എഡ്യൂക്കേഷൻ കൗൺസിലും സംയുക്തമായി ഒരു കേന്ദ്രീകൃതമായ ലേണിങ് മാനേജ്മെന്റ് സിസ്റ്റം ഒരുക്കുവാനുദ്ദേശിക്കുന്നു. അതിൻപ്രകാരം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് (host) ചെയ്യുന്ന Moodle എന്ന ലേണിങ് മാനേജ്മെന്റ് സിസ്റ്റം കേരളത്തിലെ വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ഓരോ കോളേജും അവരവരുടെ ആവശ്യപ്രകാരമുള്ള കോഴ്സുകൾ ഈ കേന്ദ്രീകൃത

പശ്ചാത്തലസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതാണ്. ഇതിനായുള്ള അദ്ധ്യാപകരെ തയ്യാറാക്കാൻവേണ്ടി ട്രെയിനിംഗ് പ്രോഗ്രാമുകൾ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടത്തിവരുന്നുണ്ട്.

(ഡി) പദ്ധതിയുമായി സർവ്വകലാശാല ലൈബ്രറികളെ ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാല-കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ്‌വർക്ക് സംവിധാനമായ കാൾനെറ്റി (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ലൈബ്രറികളുടെ നെറ്റ്‌വർക്കിലൂടെ നമ്മുടെ ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും മറ്റും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലാണ് Kerala Academic Libraries Network (KALNET) സംവിധാനം ചെയ്തിരിക്കുന്നത്. കൂടാതെ ജേർണലുകളും ഗവേഷണ പ്രബന്ധങ്ങളും ഈ വിജ്ഞാന വിഭവങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർവ്വകലാ ശാലകളിൽനിന്നുള്ള പ്രതിനിധികളും സാങ്കേതിക വൈദഗ്ധ്യം നേടിയ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കാൾനെറ്റ് ഗവേണിംഗ് കൗൺസിലും എല്ലാ സർവ്വകലാശാലകളിലെയും ലൈബ്രേറിയൻമാരും/സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയും പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രൂപീകൃതമായിട്ടുണ്ട്.

### ക്ഷീരകർഷകരുടെ ക്ഷേമം

28 (*268) <u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:
<u>ശ്രീ. എ. രാജ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന മേഖലയിൽ കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കു ന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചും ക്ഷേമനിധിയുടെ പ്രവർത്തനത്തെക്കുറിച്ചും വിശദമാക്കാമോ; ക്ഷീര സാന്ത്വനം പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയും കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly